## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4890 26-06-2019 ൽ മറുപടിയ്ക്ക്

### കേച്ചേരി പട്ടിക്കരയിലെ ന്യൂനപക്ഷ പരിശീലന ഉപകേന്ദ്രം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | തണൽ ചാരിറ്റബിൾ സൊസൈറ്റിയുടെ കേച്ചേരി പട്ടിക്കരയിൽ പ്രവർത്തിക്കുന്ന കേരള ന്യൂനപക്ഷവകുപ്പിനു കീഴിലുള്ള ന്യൂനപക്ഷ പരിശീലന ഉപകേന്ദ്രത്തിൽ ഉദ്യോഗാർത്ഥികളുടെ ആധിക്യം മൂലം ആഴ്ചയിൽ ഒരു ക്ലാസ്സ് മതിയാകാതെ വരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | കുന്ദംകുളം, ഗുരുവായൂർ, മണലൂർ, വടക്കാഞ്ചേരി, തൃശ്ശൂർ, തൃത്താല തുടങ്ങിയ മണ്ഡലങ്ങളുടെ പരിധിയിൽ വരുന്ന ഒരു കേന്ദ്രമാണ് കേച്ചേരിയിലുള്ളത് എന്നത് പരിഗണിച്ച് പ്രസ്തുത ഉപകേന്ദ്രത്തെ 'മെയിൻ സെന്റർ' ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ബി) | നിലവിൽ തൃശ്ശൂർ ജില്ലയിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ കൊടുങ്ങല്ലൂർ ചേരമൻ ജുമാമസ്ജിദ് ബിൽഡിംഗ് കേന്ദ്രമാക്കി ഒരു മെയിൻ സെന്ററും തണൽ ചാരിറ്റബിൾ ട്രസ്റ്റ്, കേച്ചേരി, എക്സൽ അക്കാദമി, ഈസ്റ്റ്ഫോർട്ട് എന്നീ പ്രദേശങ്ങൾ കേന്ദ്രമാക്കി 2 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. പരിശീലന കേന്ദ്രങ്ങൾ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് നടത്തപ്പെടുന്നത്. കേച്ചേരിയിലെ ഉപകേന്ദ്രം പ്രവർത്തിക്കുന്നത് ഒരു ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിലായതിനാൽ ഇതിനെ വകുപ്പിന്റെ പരിശീലന കേന്ദ്രമാക്കാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ